വികസിപ്പിക്കാനും, വിശ്രമകേന്ദ്രങ്ങൾ നിർമ്മിക്കാനും ലക്ഷ്യമിടുന്ന ഒരു പദ്ധതിക്ക് സംസ്ഥാന സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ചേരമാൻ ജുമാമസ്ജിദിലെത്തുന്ന സന്ദർശകർക്ക് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് ഒരു വിശദമായ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഈ പദ്ധതിയുടെ മതിപ്പു ചെലവ് ഏകദേശം 50 ലക്ഷം രൂപയാണ്. ഈ പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

കൃഷിക്കാർക്ക് ധനസഹായം

89 [2841] *ശ്രീ. കെ. പി. മോഹനൻ:*
„ സി. കെ. നാണു:
„ എ. സി. ഷൺമുഖദാസ്:
ഡോ. എ. നീലലോഹിതദാസൻ നാടാർ:
„ കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലവർഷംമൂലം ഉണ്ടായ കൃഷിനാശം സംബന്ധിച്ച് ജില്ലകളിൽനിന്നും റിപ്പോർട്ട് ലഭിക്കുകയുണ്ടായോ; എങ്കിൽ ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) കൃഷിനാശം സംബന്ധിച്ച് കേന്ദ്ര സർക്കാരിന് എന്തെങ്കിലും റിപ്പോർട്ട് അയച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ;

(സി) കൃഷിനാശം സംഭവിച്ച കൃഷിക്കാരെ സഹായിക്കാൻ എന്തെങ്കിലും ധന സഹായം ഇതിനകം ജില്ലകൾക്ക് നൽകിയിട്ടുണ്ടോ; എങ്കിൽ ഓരോ ജില്ലയ്ക്കും എത്ര രൂപ വീതം ധനസഹായം നൽകിയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്. 2005-2006-ലെ തെക്ക് പടിഞ്ഞാറൻ മൺസൂൺമൂലം ഉണ്ടായ കൃഷിനാശത്തിന്റെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം I ആയി ചേർത്തിട്ടുണ്ട്.†

(ബി) ഇല്ല.

(സി) ഉണ്ട്. 2005-2006 വർഷത്തിൽ കാലവർഷംമൂലം ഉണ്ടായ കൃഷിനാശത്തിന് ധനസഹായം നൽകുന്നതിനായി പ്രകൃതിക്ഷോഭ ദുരിതാശ്വാസനിധിയിൽനിന്നും ജില്ലാ കളക്ടർമാർക്ക് അനുവദിച്ച തുകയുടെ ജില്ലതിരിച്ചുള്ള കണക്ക് അനുബന്ധം II ആയി ചേർത്തിട്ടുണ്ട്.†

---

†അനുബന്ധം XI, XI (എ)

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം XI

[1-8-2005- ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 89 (2841)-ന്റെ ഉത്തരം ദയവായി കാണുക]

2005-2006 തെക്ക് പടിഞ്ഞാറൻ കാലവർഷംമൂലമുണ്ടായ നാശത്തിന്റെ ജില്ല തിരിച്ചുള്ള കണക്ക്

ക്രമ നമ്പർ	ജില്ല	വിവിധ കാർഷിക വിളകൾ നശിച്ചതിന് തിട്ടപ്പെടുത്തിയ നഷ്ടം (രൂപ ലക്ഷത്തിൽ)
1	തിരുവനന്തപുരം	95.0955
2	കൊല്ലം	17.64532
3	ആലപ്പുഴ	132.866
4	പത്തനംതിട്ട	85
5	കോട്ടയം	66.623
6	ഇടുക്കി	22.65800
7	എറണാകുളം	45.19940
8	തൃശ്ശൂർ	63.9368
9	പാലക്കാട്	65.41
10	മലപ്പുറം	12.91757
11	കോഴിക്കോട്	552.34160
12	വയനാട്	1032.19
13	കണ്ണൂർ	96.91775
14	കാസർഗോഡ്	128.97400
	ആകെ	**2417.7748**

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം XI (എ)

[1-8-2005 - ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 89 (2841)-ന്റെ ഉത്തരം ദയവായി കാണുക]

2005-2006 വർഷത്തിൽ കാലവർഷംമൂലമുണ്ടായ കൃഷിനാശത്തിന് ധനസഹായം നൽകുന്നതിനായി പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച തുകയുടെ ജില്ല തിരിച്ചുള്ള കണക്ക്

ക്രമ നമ്പർ	*ജില്ല*	*അനുവദിച്ച തുക*
1	തിരുവനന്തപുരം	75,00,000
2	കൊല്ലം	25,00,000
3	പത്തനംതിട്ട	75,00,000
4	ആലപ്പുഴ	25,00,000
5	കോട്ടയം	50,00,000
6	ഇടുക്കി	25,00,000
7	എറണാകുളം	25,00,000
8	തൃശ്ശൂർ	75,00,000
9	പാലക്കാട്	75,00,000
10	മലപ്പുറം	75,00,000
11	കോഴിക്കോട്	50,00,000
12	വയനാട്	1,00,00,000
13	കണ്ണൂർ	40,00,000
14	കാസർഗോഡ്	25,00,000
	ആകെ	**7,40,00,000**

LIBRARY ARCHIVES Kerala Legislative Assembly